
**Volume 07**
**Issue 17**
18 September, 2016

Eliyasleeva moosakalam V

**Deut 9:1-6**
**Is 25:1-8**
**Phil 3:1-11**
**Mt 17:14-21**




# വിശ്വാസത്തിൽ അടിയുറച്ച ജീവിതം



Rev Bro
Jerin
Pullattu

ഒരു ക്രിസ്തീയവിശ്വാസി എന്ന നിലയിൽ നാമൊക്കെ എല്ലാ ദിനങ്ങളിലും ഏറ്റു പറയുന്ന ജപമാണല്ലോ വിശ്വാസപ്രമാണം. നമ്മുടെ വിശുദ്ധബലിയിലും കുടുംബപ്രാർത്ഥനകളിലും നാം വിശ്വാസപ്രമാണം ഏറ്റു പറയുന്നുണ്ട്. എന്നിരുന്നാലും വിശ്വാസം പരീക്ഷിക്കപ്പെടുന്ന അവസ്ഥകളിലൊക്കെയും പഠിച്ച വിശ്വാസപ്രമാണവും ജപിച്ചപ്രാർത്ഥനകളും നാം മറന്നുപോകുന്നു. ഏലിയാ ശ്ലീഹാ മൂശക്കാലത്തിന്റെ അഞ്ചാമത്തെ ആഴ്യിലൂടെകടന്നു പോകുന്ന നമുക്ക് നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുന്നതിന് സഹായമാകുന്ന വചനമാണ് സഭാ നമുക്ക് നൽകിയിരിക്കുന്നത്. ഇന്നത്തെ വചനത്തെ വിചിന്തനം ചെയ്യുമ്പോൾ ജീവിതത്തിന്റെ പ്രതിസന്ധിഘട്ടത്തിൽ പതറിപോകുന്ന രണ്ടു വ്യക്തിത്വങ്ങളെ സുവിശേഷകൻ നമ്മുടെ മുൻപിൽ അവതരിപ്പിക്കുകയാണ്. ഒന്നാമതായി തങ്ങളുടെ ഗുരുവിൽ നിന്നു സ്വീകരിച്ച വിശ്വാസം പരിക്ഷിക്കപ്പെടുമ്പോൾ പരാജയപ്പെടുന്ന ശിഷ്യന്മാരെയും ജീവിതപ്രശ്നങ്ങളുടെ ഇടയിൽ നിസഹായനായിതീരുന്ന രോഗബാധിതനയ കുട്ടിയുടെ പിതാവും ഇന്നത്തെ വചനത്തിലെ കാഴ്ചയാണ്. ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളും ക്ലേശങ്ങളും നമ്മുടെവിശ്വാസത്തെയാണ് ഏറ്റവും ആദ്യം ബാധിക്കുന്നത്.

താബോർ മലയിലെ രൂപാന്തരികരണത്തിനുശേഷമാണ് ഈശോ അത്ഭുതം പ്രവർത്തിക്കുന്നത് എന്ന് നമുക്ക് വചനത്തിൽ കാണുവാൻ കഴിയും. മഹത്ത്വീകരണത്തിനായി മലയിൽ നിന്നും ഇറങ്ങി വരുന്ന ഈശോയെ കാത്തിരിക്കുന്നത് താൻ പകർന്നു വെയ്ക്കുന്ന വിശ്വാസത്തിന്റെ ശക്തി ചോർന്നു പോയ അവിടുത്തെ ശിഷ്യരെയാണ്. പുറപ്പാടിന്റെ പുസ്തകം 32-ാം അദ്ധ്യായത്തിൽ ഇതിനു സമാനമായ ഒരു ഭാഗം നമുക്ക് കാണാൻ സാധിക്കും. സീനായ് മലയിൽ ദൈവത്തോടൊപ്പം ആയിരുന്ന് തേജോമയനായിത്തീർന്ന മോശ താഴേയ്ക്കിറങ്ങി വരുമ്പോൾ ദൈവത്തെ മറന്ന് കാളക്കുട്ടിയെ ആരാധിക്കുന്ന ഒരു സമൂഹത്തെയാണ് കാണുന്നത്. ഈ രണ്ടിടങ്ങളിലും വിശ്വാസത്തിനെതിരായ പരീക്ഷണങ്ങളിൽ വീണു പോകുന്ന ഒരു സമൂഹത്തെയാണ് കാണുന്നത്. ആധുനിക സമൂഹത്തിലും ഇങ്ങനെ വിശ്വാസ തകർച്ച നേരിടുന്ന അനേകം വ്യക്തികളെ നമുക്ക് കാണാൻ സാധിക്കും. ഭാവി ജീവിതം സുന്ദരമാക്കുവാൻ പണത്തിനു പിന്നാലെ പോകുന്നവർ, കുടുംബപ്രശ്നങ്ങൾ പരിഹരിക്കുവാൻ സൈക്കോളജിസ്റ്റുകളുടേയും കൗൺസിലീംഗുകാരുടെയും പുറകെ നടക്കുന്നവർ, പ്രേമബന്ധങ്ങളുടെ പേരിൽ ദൈവത്തിനും വിശ്വാസത്തിനും വേണ്ട പ്രാധാന്യം കൊടുക്കാത്തവർ ഇങ്ങനെ വിശ്വാസം ക്ഷയിക്കുന്ന ഓരോ തലമുറയേയും വിശ്വാസത്തിലേയ്ക്കു കൊണ്ടു വരുവാനാണ് ഈശോ ആഗ്രഹിക്കുന്നത്. ലണ്ടനിൽ

നിന്നു പ്രസിദ്ധികരിക്കുന്ന നിരിശ്വര ചിന്തവളർത്തുന്ന ഡെയ്‌ലി വർക്കർ എന്ന മാസികയുടെ ചീഫ് എഡിറ്ററായിരുന്നു ഡഗ്ലസ്സ് ഹൈഡ് മതവിശ്വാസങ്ങൾക്കെതിരേ അദ്ദേഹം ശക്തമായി എഴുതിയിരുന്നു. ഒരിക്കൽ അദ്ദേഹം ജീവിതത്തിന്റെ പ്രതിസന്ധിഘട്ടത്തിൽ അസ്വസ്ഥനായി തെരുവിലൂടെ നടക്കുകയായിരുന്നു. അപ്പോൾ പരിശുദ്ധ കന്യാമറിയത്തിന്റെ രൂപത്തിൽ കരഞ്ഞു പ്രാർത്ഥിക്കുന്ന ഒരു പെൺകുട്ടിയെ അയാൾ കണ്ടു. പ്രാർത്ഥനയുടെ അവസാനം സന്തോഷവതിയായി പോകുന്ന അവളോട് അദ്ദേഹം കാര്യം തിരക്കി. അവൾ പറഞ്ഞു എന്റെ അമ്മ രോഗിണിയാണ്. കുടുംബം വളരെ പട്ടിണിയിലും. എന്നാൽ പരിശുദ്ധ മാതാവ് എന്റെ സകടങ്ങളെല്ലാം പരിഹരിച്ചുതരും. ഈ സംഭവം ഡഗ്ലസിനെ ചിന്തിപ്പിച്ചു. ബുദ്ധി മാനെന്നു കരുതുന്ന താൻ ദുഃഖം പേറി നടക്കുന്നു. എന്നാൽ ഈ ബാലിക വലിയ ദുഃഖത്തിലും ആശ്വാസം കണ്ടെത്തിയിരിക്കുന്നു. അയാൾ ക്രമേണ ദൈവത്തെക്കുറിച്ചും പ്രാർത്ഥനെയെക്കുറിച്ചും ചിന്തിക്കുകയും വിശ്വാസ ജീവിതത്തിലേയ്ക്കു കടന്നുവരുകയും ചെയ്തു.

ഇന്ന് ഈശോ നമ്മോടു പറയുന്നത് പരാജയങ്ങളിൽ ദുഃഖിക്കാതെ ആഴമായ വിശ്വാസമുള്ളവരായി അവിടുത്തെ അടുത്തേയ്ക്കു കടന്നു വരാനാണ്. നമ്മുടെ വിശ്വാസം ആഴപ്പെടുമ്പോൾ മാത്രമെ അവിടുത്തെ അത്ഭുതങ്ങളും കൃപകളും നമ്മുടെ മേൽ ഉണ്ടാകുന്നത്. അല്ലാതെ അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും വേണ്ടി ഓടി നടന്നതുകൊണ്ട് വിശ്വാസം ആഴപ്പെടണമെന്നില്ല. കടുകുമണി വളരെ ചെറുതാണെങ്കിലും അത് വളരുമ്പോൾ ഫലം ചൂടുന്ന വലിയ മരമായി തീരുന്നു. ഇതുപോലെ കടുകുമണിയോളം പോകുന്ന അനേകം ദാനങ്ങളും വരങ്ങളും നമുക്ക് നൽകിയിട്ടുണ്ട്. അവയിൽ ഒന്നാണ് വിശ്വാസം. പക്ഷെ ഫലം ചൂടാൻ തക്കവിധം നമ്മുടെ വിശ്വാസത്തെ പരിപോക്ഷിപ്പിക്കുവാൻ നമുക്കു സാധിക്കണം. മാമ്മോദീസായിലൂടെയും മറ്റു കൂദാശകളിലൂടെയും നമുക്കു ലഭിച്ചിരിക്കുന്ന വിശ്വാസ മൂല്യങ്ങൾ വളർത്തിയെടുക്കുവാൻ കഴിഞ്ഞെങ്കിൽ മാത്രമെ നമ്മുടെ അനുദിന ജീവിതത്തിലെ പ്രശ്നങ്ങളെ നേരിടുവാനുള്ള കരുത്ത് നമുക്കു ലഭിക്കുകയുള്ളു. ഒരേ ആത്മാവു തന്നെ ഒരുവന് വിശ്വാസത്തിന്റെ വരവും വേറൊരുവന് രോഗശാന്തിക്കുള്ള വരവും നൽകുന്നുവെന്ന് പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു. ശ്ലീഹന്മാർക്കു രോഗശാന്തിക്കുള്ള വരവും പിശാചുക്കളെ പുറത്താക്കാനുള്ള കഴിവും ഈശോ കൊടുത്തിരുന്നു. എന്നാൽ വിശ്വാസത്തിന് ആഴമില്ലാതിരുന്നതിനാൽ അവർ പരാജയപ്പെടുകയാണ് ചെയ്തത്. അതുകൊണ്ട് വിശുദ്ധ ബലിയിലൂടെയും കുടുംബപ്രാർത്ഥനയിലൂടെയും നമ്മുടെ വിശ്വാസം ആഴമുള്ളതാക്കാൻ നമുക്കു ശ്രമിക്കാം.

ഇന്നത്തെ വചനം സ്വന്തം മകളെ ഓർത്തു വേദനിക്കുന്ന ഒരു പിതാവിനെ നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നുണ്ട്. തന്റെ മകനെക്കുറിച്ചുള്ള സ്വപ്നങ്ങെല്ലാം തകർന്ന് നിസഹായകനായിത്തീർന്ന ഒരപ്പനെയാണ് ഈശോയുടെ അടുത്തേയ്ക്കു കൊണ്ടു വരുന്നത്. നമ്മുടെ ഒക്കെ സമൂഹത്തിലും കുടുംബങ്ങളിലും ഇങ്ങനെ വേദനിപ്പിച്ചു കഴിയുന്ന അനേകം അപ്പന്മാരെ കാണാവുന്നതാണ്. മയക്കുമരുന്നിനും മദ്യത്തിനും അടിമപ്പെട്ടുപോയ മക്കളെക്കുറിച്ച് അവിഹിതബന്ധങ്ങളിൽ പെട്ടു പോയവരെക്കുറിച്ചും കിടപ്പാടം പണയം വെച്ച് മക്കളെ പഠിപ്പിച്ചിട്ടും പഠനം ഉഴപ്പുന്ന മക്കളെക്കുറിച്ചും വേദനിക്കുന്ന അനേകം മാതാപിതാക്കളുടെ പ്രതിനിധിയാണ് ഇന്ന് ഈശോയുടെ മുൻപിൽ എത്തിയ ഈ പിതാവ്. പലവിധത്തിലുള്ള പൈശാചിക അടിമത്വത്തിലും പ്രലോഭനങ്ങളിലും അകപ്പെടുന്ന ആധുനിക യുവജനങ്ങൾ ഈ കാലഘട്ടത്തിലും ഉണ്ട്. മാതാപിതാക്കളെ അനുസരിക്കാനോ ആരുടെയും മാർഗ്ഗനിർദേശങ്ങൾ സ്വീകരിക്കുവാനോ തയ്യാറാകാത്ത ഇവരുടെ മുൻപിൽ ആധുനിക ലോകത്തിന്റെ പ്രലോഭനങ്ങൾ മല പോലെ നിലകൊള്ളുകയാണ്. ക്രിസ്തുവിലുള്ള ആഴമായ വിശ്വാസത്തിലൂടെ മാത്രമെ നമ്മുടെ മുൻപിലുള്ള പൈശാചിക ബന്ധങ്ങളെ നമുക്കു വിജയിപ്പിക്കാനാവു. ഇതിനു നമ്മെ സഹായിക്കുന്ന കൂദാശയാണ് വിശുദ്ധ കുർബ്ബാന. വിശ്വാസത്തിലധിഷ്ഠിതമായ ഈ കൂദാശ നമ്മുടെ ജീവിത്തിലെ തകർച്ചകളെ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് നോക്കി കാണുവാൻ നമ്മെ സഹായിക്കട്ടെ. അതിനുള്ള അനുഗ്രഹത്തിനായി ദിവ്യകാരുണ്യ ഈശോയോടു നമുക്കു പ്രാർത്ഥിക്കാം